(ഡി) ഉപയോഗയോഗ്യമല്ലാത്ത സാധനങ്ങൾ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ വിവിധ മേഖലകളിലേക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്ന ചുമതല ഏകോപിച്ച് ഒരു ചീഫ് എൻജിനീയറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

വൈദ്യുതി ബോർഡിലെ പെൻഷൻ പരിഷ്കരണം

25 (*204)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈദ്യുതി ബോർഡ് പെൻഷൻകാർക്ക് സർക്കാർ പെൻഷൻകാർക്ക് അനുവദിച്ച 1997 ഫ്രെബ്രുവരി മുതലുള്ള രണ്ടാം ഗഡു ഇടക്കാല ആശ്വാസം അനുവദിക്കാൻ നടപടിയെടുക്കുമോ;

(ബി) പെൻഷൻകാർക്ക് മാർച്ച് 1997 മുതൽ ലഭിക്കേണ്ട പെൻഷൻ പരിഷ്കരണം നടപ്പിലാക്കുവാൻ നടപടിയെടുക്കുമോ;

(സി) കഴിഞ്ഞ 26 മാസങ്ങളായി പെൻഷൻ പരിഷ്കരണം മരവിപ്പിച്ചിരിക്കുന്ന സംസ്ഥാന വൈദ്യുതി ബോർഡിന്റെ നടപടി പുനഃപരിശോധിക്കുമോ;

(ഡി) സംസ്ഥാന വൈദ്യുതി ബോർഡിന് വ്യക്തമായ പെൻഷൻ നയം ആവിഷ്കരിക്കുന്നതിന് നടപടിയെടുക്കുമോ എന്ന് അറിയിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഇക്കാര്യം ബോർഡിന്റെ പരിഗണനയിലിരിക്കുകയാണ്.

(ബി) സാധാരണയായി ബോർഡിൽ പെൻഷൻ പരിഷ്കരണം നടത്തുന്നത് ശമ്പള പരിഷ്കരണത്തോടനുബന്ധിച്ചാണ്. ബോർഡിൽ ശമ്പളപരിഷ്കരണം നടപ്പാക്കാത്തതുകൊണ്ടാണ് പെൻഷൻ പരിഷ്കരണവും നടപ്പാക്കാത്തത്.

(സി) ബോർഡിൽ കഴിഞ്ഞ പെൻഷൻ പരിഷ്കരണം നടപ്പാക്കിയത് വർക്കർ വിഭാഗത്തിന് 1-6-93 മുതലും ഓഫീസർ വിഭാഗത്തിന് 1-7-93 മുതലുമാണ്. പ്രസ്തുത തീയതികൾ മുതൽ ബോർഡിൽ ശമ്പളപരിഷ്കരണം നടപ്പാക്കിയതിനെ തുടർന്നായിരുന്നു പ്രസ്തുത പെൻഷൻ പരിഷ്കരണം ബോർഡിലെ അടുത്ത ശമ്പളപരിഷ്കരണം നടത്തേണ്ടത് 1-7-98/1-8-98 മുതലാണ്. ഈ ശമ്പള പരിഷ്കരണത്തിനുള്ള ചർച്ചകൾ ഇതേവരെ തുടങ്ങിയിട്ടില്ല. ശമ്പളപരിഷ്കരണത്തോടെപ്പം പെൻഷൻ പരിഷ്ക്കരണവും നടപ്പിലാക്കുന്നതാണ്.

(ഡി) പെൻഷനും മറ്റ് അനുബന്ധ ആനുകൂല്യങ്ങളും സംബന്ധിച്ച് സർക്കാർ നടപ്പാക്കുന്ന നിരക്കുകളും തത്വങ്ങളുമാണ് കാലാകാലങ്ങളിൽ ബോർഡു സ്വീകരിച്ചുവരുന്ന നയം. പക്ഷേ അവ നടപ്പാക്കുന്നത് ബോർഡിലെ ശമ്പളപരിഷ്കരണത്തോടനുബന്ധിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly